"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

ദുരന്ത നിവാരണ വകുപ്പ് - ചൂരൽമല/മുണ്ടക്കൈ ഉരുൾപൊട്ടൽ ദുരന്തത്തിൽ ജീവനോപാധി നഷ്ടപ്പെട്ട കുടുംബങ്ങൾക്ക് വാടകബത്ത അനുവദിക്കുന്നതിനായി CMDRF നിധിയിൽ നിന്നും വയനാട് ജില്ലാ കളക്ടർക്ക് തുക അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു

---

**ദുരന്ത നിവാരണ(എ) വകുപ്പ്**

സ.ഉ.(സാധാ) നം.280/2026/DMD തീയതി,തിരുവനന്തപുരം, 04-07-2026

---

പരാമർശം:-

1. മന്ത്രിസഭാ ഉപസമിതിയുടെ 30.05.2026 ലെ യോഗ തീരുമാനം
2. വയനാട് ജില്ലാകളക്ടറുടെ 16.06.2026 തീയതിയിലെ DCWYD/3267/2025/DM3 നമ്പർ കത്ത്.
3. മന്ത്രിസഭാ ഉപസമിതിയുടെ 17.06.2026 ലെ യോഗ തീരുമാനം
4. സ.ഉ(സാധാ) നം. 273/2026/ഡിഎംഡി തീയതി 03.07.2026

**ഉത്തരവ്**

ഉരുൾപൊട്ടലിനെത്തുടർന്ന് മാറിത്താമസിക്കുന്നതും നിലവിൽ വീട്ടു വാടക അനുവദിച്ചു വരുന്നതുമായ 423 പേർക്ക് 3 മാസത്തേക്ക് കൂടി (2026 ജൂൺ, ജൂലായ്, ഓഗസ്റ്റ് മാസങ്ങളിലെ) വീട്ടു വാടക നൽകണമെന്ന് പരാമർശം (1) പ്രകാരം നിർദ്ദേശിച്ചിരുന്നതായും ആയത് അനുവദിച്ച് സർക്കാർ ഉത്തരവാകുകയാണെങ്കിൽ 76,14,000/- (എഴുപത്തിയാറ് ലക്ഷത്തി പതിനാലായിരം രൂപ മാത്രം) രൂപ കൂടി സിഎംഡിആർഎഫിൽ നിന്ന് അനുവദിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കണമെന്നും പരാമർശം(2) പ്രകാരം വയനാട് കളക്ടർ അഭ്യർത്ഥിച്ചിരിക്കുന്നു. പരാമർശം (4) പ്രകാരം, ടൗൺഷിപ്പിൽ ആദ്യഘട്ടത്തിൽ വീട് കൈമാറിക്കിട്ടിയ 177 കുടുംബങ്ങൾക്ക് ജൂൺ 30 വരെയും ബാക്കി ഗുണഭോക്താക്കൾക്ക് അടുത്ത 3 മാസത്തേക്ക് കൂടിയും വാടക അനുവദിച്ചു ഉത്തരവായിരുന്നു. കൂടാതെ വാടക അനുവദിക്കുന്നതിനുള്ള വിശദമായ പ്രൊപ്പോസൽ വയനാട് ജില്ലാ കളക്ടർ ലഭ്യമാക്കാനും നിർദ്ദേശിച്ചിരുന്നു.

2. സർക്കാർ ഈ വിഷയം വിശദമായി പരിശോധിച്ചു. മുണ്ടക്കൈ ചൂരൽമല ഉരുൾപൊട്ടൽ ദുരന്തത്തിൽ വീട് നഷ്ടമായി മാറ്റിപാർപ്പിച്ചവർക്ക് വാടക അനുവദിക്കുന്നതിനായി ജില്ലാ കളക്ടർ ശിപാർശ ചെയ്തത് പ്രകാരം ആകെ 76,14,000/- (എഴുപത്തിയാറ് ലക്ഷത്തി പതിനാലായിരം രൂപ മാത്രം) വയനാട് ജില്ലാ കളക്ടർക്ക് CMDRF ൽ നിന്നും അനുവദിച്ചു ഉത്തരവാകുന്നു. ടൗൺഷിപ്പിൽ ആദ്യഘട്ടത്തിൽ വീട് കൈമാറിക്കിട്ടിയ 177 കുടുംബങ്ങൾക്ക് ജൂൺ 30 വരെയുള്ള വാടകയും ബാക്കി ഗുണഭോക്താക്കൾക്ക് അടുത്ത 3 മാസത്തേക്ക് കൂടിയും എന്ന വ്യവസ്ഥയിൽ ഫണ്ട് അനുവദിക്കേണ്ടതും ബാക്കി തുക എത്രയാണെന്ന് സർക്കാരിൽ റിപ്പോർട്ട്

ചെയ്യേണ്ടതുമാണ്.

3. CMDRF ൽ നിന്നും തുക അനുവദിക്കേണ്ട നടപടികൾ റവന്യൂ (ഡി.ആർ.എഫ്) വകുപ്പ് സ്വീകരിക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ജീവൻ ബാബു കെ ഐ എ എസ്
സ്പെഷ്യൽ സെക്രട്ടറി

കമ്മീഷണർ, ലാന്റ് റവന്യൂ ,തിരുവനന്തപുരം
കമ്മീഷണർ, ദുരന്ത നിവാരണം,തിരുവനന്തപുരം
ജില്ലാ കളക്ടർ, വയനാട്
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്), കേരള, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (എ&ഇ), കേരള, തിരുവനന്തപുരം
റവന്യൂ (ഡി.ആർ.എഫ്. - സി) വകുപ്പ്
ഫിനാൻസ് ഓഫീസർ, ദുരന്ത നിവാരണ വകുപ്പ്
പൊതുജന സമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ്

ഉത്തരവിൻ പ്രകാരം

Signed by
Manu S
സെക്ഷൻ ഓഫീസർ
Date: 04-07-2026 16:33:28